പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3467

21/12/2012-ൽ മറുപടിക്ക്

## കുടുംബശ്രീ മുഖേന തരിശുഭൂമിയിൽ കൃഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | |
| (എ) | കേരളത്തിൽ തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി കൃഷിയിറക്കാൻ കുടുംബ ശ്രീയെ ഏൽപ്പ ി ക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി യ്ക്കായി എത്ര ഏക്കർ തരി ശുഭൂമി ഏതെല്ലാം ജില്ലകളിലായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളി പ്പെടുത്തുമോ ; | (ബി) | തരിശുഭൂമി കണ്ടെത്തുന്നതിനായി എൻ.ആർ.എൽ.എം. പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ലാൻഡ് ബാങ്ക് രൂപീകരി ക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) | തരിശുഭൂമിയിൽ കൃഷി ഇറക്കുന്ന പദ്ധതി സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | ഈ വർഷം കുട ുംബശ്രീവഴി എത്ര ഏക്കർ തരിശുഭൂമിയിൽകൃഷി ഇറ ക്കാൻ സാധ്യമാകുമെന്നാണ് പ്രതീക്ഷി ക്കുന്നത് ; | (ഡി) | 2012-13 വർഷം ഏകദേശം 10,000 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നു |
| (ഇ) | തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കുടുംബശ്രീയ്ക്ക് എന്തെല്ലാം സാമ്പ ത്തിക സഹാ യങ്ങളാണ് ലഭ്യമാക്കുവാനു ദ്ദേശിക്കുന്നതെന്നറിയിക്കുമോ? | (ഇ) | തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനും സംഘകൃഷി ആനുകൂല്യങ്ങളായ വിസ്തൃതി ഇൻസെന്റീവ്, ഉത്പാദന ഇൻസെന്റീവ്, ഇന്ററസ്റ്റ് സബ്സിഡി എന്നീ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ